# പത്രകുറിപ്പ്

## ബഹുമാനപ്പെട്ട ഇന്ത്യൻ ഉപരാഷ്ട്രപതി അവർകളുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ 12.06.2017 തീയതിയിൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

**12.06.2017** തീയതി ഉച്ചയ്ക്ക് **01.00** മണി മുതൽ വൈകുന്നേരം **07.00** മണിവരെ എയർപോർട്ട്, ആൾസെയിൻസ്, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്ക്വയർ, രക്തസാക്ഷി മണ്ഡപം, ആർ.ആർ.ലാംമ്പ്, മ്യൂസിയം, വെള്ളയമ്പലം, രാജ്ഭവൻ കവടിയാർ വരെയുള്ള റോഡുകളിലും, വെള്ളയമ്പലം, ആൽത്തറ, പി.എച്ച്.ക്യൂ, എസ്.എം.സി, വഴുതക്കാട്, സാനഡു, തൈക്കാട് വരെയുള്ള റോഡിലും ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

ടി റോഡുകളിൽ മേൽ പറഞ്ഞ തീയതിയിൽ കർശന പാർക്കിംഗ് നിയന്ത്രണം ഉണ്ടായിരിക്കുന്നതും. ഗതാഗത തടസ്സം സൃഷ്ടിച്ച് പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് ടോ ചെയ്ത് കൊണ്ട് പോകുന്നതും, ആ സമയം ടി വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾക്ക് ട്രാഫിക് പോലീസ് ഉത്തരവാദിയാകുന്നതല്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരി ക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഏതെങ്കിലും ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ആയതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി അവർകളുടെ സന്ദർശനത്തോടനുബന്ധിച്ച് മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങൾ എർപ്പെടുത്തിയിരിക്കുന്നതിനാൽ വിമാനത്താവളത്തിലേയ്ക്ക് വരുന്ന യാത്രക്കാർ കാലേക്കൂട്ടി വിമാനത്താവളത്തിൽ എത്തേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731,0471-2558732

ഒപ്പ്
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (സൗത്ത്)
തിരുവനന്തപുരം സിറ്റി.

ഒപ്പ്
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.